**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2388          14.06.2019-ലെ മറുപടിയ്ക്ക്

## <u>ഫുട്ബോളിനെ പ്രോത്സാഹിപ്പിക്കുവാൻ പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും<br>യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഫുട്ബോളിനെ പ്രോത്സാഹിപ്പിക്കുവാൻ ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ; | (എ) | ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സ്പോർട്സ് അക്കാഡമികളിലൂടെ ഏകദേശം 300 കായിക താരങ്ങൾക്ക് ഫുട്ബോളിൽ മികച്ച പരിശീലകരുടെ കീഴിൽ വിദഗ്ധ പരിശീലനം നൽകി വരുന്നുണ്ട്.<br>ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ നിലവിൽ ഫുട്ബോൾ പരിശീലനം നൽകി വരുന്നുണ്ട്. ജി.വി.രാജ സ്പോർട്സ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര നിലവാരമുള്ള പരിശീലനം നൽകുന്നതിന് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിന്റെ ഭാഗമായി രണ്ട് പുതിയ പരിശീലകരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ 7 മുതൽ 12 വയസ്സുവരെ പ്രായമുള്ള കുട്ടികളെ തെരഞ്ഞെടുത്ത് പരിശീലിപ്പിക്കുന്ന പദ്ധതി പ്രവർത്തികമാക്കിയിട്ടുണ്ടോ; ഇതിനായി എത്ര കുട്ടികളെയാണ് | (ബി) | കിക്കോഫ് പരിശീലന പദ്ധതിയ്ക്കായി 12 നും 14 നുമിടയിൽ പ്രായമുള്ള കുട്ടികളെയാണ് തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ കുട്ടികൾക്കു പുറമേ പ്രസ്തുത സ്കൂളിന്റെ പരിസര പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെക്കൂടി ഉൾപ്പെടുത്തി പ്രാഥമിക |

| | | | |
|---|---|---|---|
| | തെരഞ്ഞെടുക്കുന്നത്; | | തെരഞ്ഞെടുപ്പിൽ 50 കുട്ടികളെയും അന്തിമ തെരഞ്ഞെടുപ്പിൽ 25 കുട്ടികളെയും വീതം പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 475 കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു. |
| (സി) | സംസ്ഥാനത്തെ പ്രധാന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഫുട്ബോൾ ടീമുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളെന്ന് വെളിപ്പെടുത്തുമോ? | (സി) | സംസ്ഥാനത്തെ പ്രധാന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഫുട്ബോൾ ടീമുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**